## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1780      06.03.2017-ലെ മറുപടിക്ക്

## നഷ്ടത്തിലുള്ള റൂട്ടുകൾ

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017 ജനുവരി 31 നകം നഷ്ടത്തിലുള്ള സർവ്വീസുകൾ നിർത്തലാക്കണമെന്ന് കെ.എസ്.ആർ.ടി.സി.യുടെ എം.ഡി. ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിലോടുന്ന റൂട്ടുകൾ നിർത്തലാക്കി പകരം പുതിയ റൂട്ടുകൾ ക്രമീകരിക്കുകയുണ്ടായോ ; | (ബി) യും (സി) യും | ബാധകമല്ല. |
| (സി) | എങ്കിൽ ഇതു സംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (ഡി) | ചില ഡിപ്പോകളിൽ നിലവിലെ റൂട്ടുകൾ നിർത്തലാക്കി പകരം റൂട്ടുകൾ പുനഃക്രമീകരിച്ചപ്പോൾ കളക്ഷനിൽ വൻ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിൽ നിലവിലെ റൂട്ടുകൾ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചപ്പോൾ അത്തരം റൂട്ടുകളിലെ കളക്ഷനിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | 31.12.2016-ന് മുമ്പ് പതിനായിരം രൂപയിൽ താഴെ വരുമാനമുണ്ടായിരുന്ന 2339 ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിൽ 1646 ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും പുനഃക്രമീകരിച്ചവയിൽ 350 ഷെഡ്യൂളുകൾ പതിനായിരം രൂപയിൽ കൂടുതൽ വരുമാനമുണ്ടാക്കുകയും, 1296 ഷെഡ്യൂളുകൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പതിനായി |

| | | | |
|---|---|---|---|
| | | | രത്തിൽ താഴെ മാത്രം വരുമാനം ലഭ്യമാകുകയും ചെയ്തു. ഒരു സർവ്വീസ് മാത്രമുള്ള സ്ഥലങ്ങൾ, ആദിവാസി മേഖല, മലയോര മേഖല തുടങ്ങിയ റൂട്ടുകളിലേക്കുള്ള സർവ്വീസുകൾ വളരെയധികം വരുമാനം കുറവാണെങ്കിലും പുനഃക്രമീകരിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ സേവനം ലക്ഷ്യമിട്ട് ക്രമീകരിക്കുകയും അതിനുസൃതമായി സർവ്വീസ് നടത്തുകയും ചെയ്യുന്നതിനാൽ പുനഃക്രമീകരണത്തിലൂടെ വൻ വർദ്ധനവുണ്ടാക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ